## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1536 02/07/2015-ൽ മറുപടിയ്ക്ക്

## ജൈവകൃഷി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എം. ഹംസ** | | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) ജൈവകൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ; | എ) | സംസ്ഥാനത്ത് കൃഷി ചെയ്തു വരുന്ന വിളകൾക്കും അവ കൃഷി ചെയ്യുന്ന സ്ഥലത്തിനും ഊന്നൽ നല്കി ഘട്ടം ഘട്ടമായി കേരളത്തെ ഒരു സമ്പൂർണ്ണ ജൈവ സംസ്ഥാനമാക്കി മാറ്റുവാൻ ലക്ഷ്യമിടുന്നതിനു മുന്നോടിയായി "സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനം" എന്ന പരിപാടിയുടെ നടത്തിപ്പ് ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തുതല കാർഷിക വികസന സമിതി യോഗങ്ങൾ പഞ്ചായത്തുതല കർഷകരുടെ യോഗങ്ങൾ, വിവരശേഖരണം, എം.എൽ.എ മാരുടെ അദ്ധ്യക്ഷതയിൽ ഓരോ നിയോജക മണ്ഡലത്തിലും കൃഷി അനുബന്ധ മേഖലാ ഉദ്യോഗസ്ഥർ, ത്രിതല പഞ്ചായത്തു പ്രതിനിധികൾ, മറ്റു പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള യോഗങ്ങൾ എന്നിവ നടത്തുന്നു. ഓരോ നിയോജക മണ്ഡലത്തിനും അനുയോജ്യമായ കർമ്മ പരിപാടികൾ ക്രോഡീകരിച്ച് ജില്ലാ തലത്തിൽ ഒരു പ്ലാൻ ഓഫ് ആക്ഷൻ ഉണ്ടാക്കുന്നതാണ്.<br><br>കൂടാതെ കൃഷി വകുപ്പിന്റെ വെജിറ്റബിൾ ഡവലപ്പ്മെന്റ് പദ്ധതി പ്രകാരം, വീടുകളിൽ പച്ചക്കറി |

കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗ്രോബാഗ്' പദ്ധതി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കിയിട്ടുണ്ട്. പോട്ടിങ് മിശ്രിതം നിറച്ച് പച്ചക്കറിത്തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ 19115 വീടുകളിൽ സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 46 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കഴിഞ്ഞ 3 വർഷങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്. പച്ചക്കറി കൃഷി എളുപ്പമാകും വിധം പച്ചക്കറി തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ ആസ്ഥാനത്ത് 'കൃഷി ബിസിനസ്സ് കേന്ദ്ര' എന്ന പേരിൽ ഒരു നഴ്സറി പ്രവർത്തിച്ചു വരുന്നു. ഫല വൃക്ഷങ്ങളുടെ ഗ്രാഫ്റ്റുകൾ, ജൈവവളങ്ങൾ, പൂച്ചെടികൾ, ജൈവ രോഗകീടനാശിനികൾ, കാർഷിക ഉപകരണങ്ങൾ എന്നിവയും ഇവിടെ നിന്നും വിതരണം ചെയ്തു വരുന്നു. കഴിഞ്ഞ 3 വർഷങ്ങളിലായി ഒരു കോടിയിൽപ്പരം പച്ചക്കറിത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്. നഗര പ്രദേശങ്ങളിലെ വീട്ടു വളപ്പുകളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കു-ന്നതിനും വിഷ വിമുക്തമായ പച്ചക്കറികൾ ലഭ്യമാക്കുന്നതിനുമായി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ 2004 മുതൽ 'ഹരിതനഗരി' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. നാളിതുവരെ 16600-ൽപ്പരം നഗരവാസികൾ പ്രസ്തുത പദ്ധതിയുടെ ഉപഭോക്താക്കളായി മാറിക്കഴിഞ്ഞിട്ടുണ്ട്.

വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് കീഴിൽ സംസ്ഥാനത്ത് ജൈവകൃഷിക്ക് പ്രാധാന്യം നല്കുന്നതിനും പ്രാവർത്തികമാക്കുന്ന-തിനുമായി ജില്ലാതലത്തിൽ പ്രാദേശിക ഗ്രൂപ്പുകൾ

ഉണ്ടാക്കുകയും അവരെക്കൊണ്ട് കൃഷി ചെയ്യിച്ച് ഈ കൃഷിയിടങ്ങളെ ജൈവ കൃഷിയിടങ്ങളായി പ്രഖ്യാപിക്കുകയും ചെയ്യുന്ന PGS (Participatory Guarantee System) നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൗൺസിൽ ആരംഭിച്ചുകഴിഞ്ഞു.

ബി) അമിത രാസവള പ്രയോഗം നിയന്ത്രിക്കുന്നതിനും ജൈവവളം ഉപയോഗിക്കുന്നതിന് കർഷകരെ പ്രാപ്തരാക്കുന്നതിനും എന്തെല്ലാം തനതു പരിപാടികൾ നടപ്പിലാക്കിവരുന്നു; വിശദാംശം ലഭ്യമാക്കാമോ ;

ബി) മണ്ണു പരിശോധന ഫലം അടിസ്ഥാനമാക്കി വിളകൾക്ക് ആവശ്യമായ രാസവളം മാത്രം ചേർക്കുന്നതിനെക്കുറിച്ച് കർഷകരെ ബോധവത്കരിക്കുന്നതിനും അങ്ങനെ മണ്ണു പരിശോധനയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധം കർഷകരുടെയിടയിൽ ഉണ്ടാക്കുന്നതിനുമായി 2015-16-ൽ "സോയിൽ ഹെൽത്ത് മാനേജ്മെന്റ് ആന്റ് പ്രൊഡക്റ്റിവിറ്റി ഇംപ്രൂമെന്റ്" എന്ന പദ്ധതിയുടെ കീഴിൽ മണ്ണു പരിശോധന ക്യാമ്പയിനുകൾ എല്ലാ പഞ്ചായത്തു തലത്തിലും നടത്തുവാനും ജില്ലാതല സെമിനാർ നടത്തുവാനും നടപടികൾ നടന്നു വരുന്നു. 1000 കൃഷി ഭവൻതല ക്യാമ്പയിനുകൾ ഈ വർഷം നടത്തുന്നതാണ്. കൂടാതെ കർഷകർക്ക് മണ്ണു പരിപോഷണ കാർഡ് ലഭ്യമാക്കി അതിലെ ശുപാർശ പ്രകാരം രാസവളം ചെയ്യുന്നത് മോണിറ്റർ ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

കൂടാതെ അമിത രാസവളപ്രയോഗം നിയന്ത്രിച്ച് കർഷകർക്ക് ആവശ്യമായ ജൈവവളം അവരുടെ കൃഷിസ്ഥലത്ത് ഉത്പാദിപ്പിക്കുന്നതിനായി 30'x8'x 2.5' വ്യാപ്തിയുള്ള മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് യൂണിറ്റൊന്നിന് പരമാവധി 1,00,000/- രൂപ എന്ന പരിധിയ്ക്ക് വിധേയമായി ചെലവിന്റെ 50 ശതമാനം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന ധനസഹായം നൽകി വരുന്നു.

സി) കൃഷി ഭവനിലെ ഉദ്യോഗസ്ഥർ ഏതെല്ലാം രീതിയിലാണ് കർഷകരെ സഹായിക്കുന്ന-തെന്ന് വിശദമാക്കാമോ ;

സി) സംസ്ഥാന കൃഷി വകുപ്പിന്റെ എല്ലാ പദ്ധതികളും നടപ്പിലാക്കുന്നത് പഞ്ചായത്തുതലത്തിൽ പ്രവർത്തിക്കുന്ന കൃഷി ഭവനുകൾ വഴിയാണ്. മണ്ണ് പരിപാലനം, വിള പരിപാലനം, നെല്ല്, തെങ്ങ്, കുരുമുളക്, പച്ചക്കറി, പഴവർഗ്ഗങ്ങൾ, പയറുവർഗ്ഗവിളകൾ തുടങ്ങി എല്ലാവിധ ഭക്ഷ്യവിളകളുടേയും വ്യാപനത്തിനും, വികസനത്തിനും ആവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നു. കാർഷിക വിജ്ഞാന വ്യാപനത്തിനുള്ള കേന്ദ്രമാണ് കൃഷി ഭവൻ. ലീഡ്സ്. ആത്മ പദ്ധതികളിലൂടെ കാർഷിക വിജ്ഞാന വ്യാപനം സാധ്യമാക്കുന്നു. കൃഷി ഭവൻ വഴി പ്രകൃതിക്ഷോഭം മൂലം കർഷകർക്കുണ്ടാകുന്ന കൃഷി നാശത്തിന്റെ അളവ് കണക്കാക്കി ദുരിതാശ്വാസം ലഭ്യമാക്കുന്നു. വിത്ത്, തൈ മുതലായ ഉല്പാദനോപാദികൾ കർഷകർക്ക് വിതരണം ചെയ്യുന്നു. കർഷക പെൻഷൻ, ഒരു ലക്ഷം യുവജനങ്ങൾക്ക് പെൻഷൻ തുടങ്ങിയ കർഷകക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നു. രാസവളകീടനാശിനി ഗുണനിലവാരം പരിശോധനയ്ക്കായി സാമ്പിൾ ശേഖരിച്ച് അയയ്ക്കുന്നതും കൃഷി ആഫീസറാണ്. കൂടാതെ കാർഷിക കർമ്മസേന, അഗ്രോസർവ്വീസ് സെന്റർ എന്നിവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നു. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. ബയോഗ്യാസ്, ആർ.കെ.വി.വൈ എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നു. ഇതിനു പുറമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അതാതു പ്രദേശത്തേയ്ക്ക് രൂപപ്പെടുത്തുന്ന പ്രോജക്ടുകൾ ഉണ്ടാക്കുന്നതും നടപ്പിലാക്കുന്നതും കൃഷിഭവനുദ്യോഗ-സ്ഥരാണ്.

ഡി) രോഗങ്ങളിൽ നിന്നും കീടങ്ങളിൽ നിന്നും കാർഷിക വിളകളെ രക്ഷിക്കുന്നതിനായി കീടനാശിനിരഹിത സമ്പ്രദായങ്ങൾ സ്വീകരിക്കുന്നതിനായി കർഷകരെ ഏതെല്ലാം വിധത്തിലാണ് പ്രാപ്തരാക്കുന്നതെന്ന് വിശദീകരിക്കാമോ?

ഡി) സെമിനാറുകൾ, ശില്പശാലകൾ, ബോധവല്കരണ ക്യാമ്പെയിനുകൾ എന്നിവ മുഖേന നിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ച് കർഷകരിൽ അവബോധം സൃഷ്ടിച്ച് വരുന്നു. കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ മുഖേന കീടരോഗ നിയന്ത്രണത്തിനായുള്ള ജൈവിക ഉപാധികളായ സ്യൂഡോമോണാസ്, ട്രൈക്കോഡർമ, ട്രൈക്കോകാർഡ്സ്, ബ്യൂവേറിയ മുതലായവ കർഷകർക്ക് ലഭ്യമാക്കുന്നു. കൂടാതെ കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെ ഇവ ഉല്പാദിപ്പിച്ച് കൃഷിക്ക് ഉപയുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു.

രോഗങ്ങളിൽ നിന്നും കീടങ്ങളിൽ നിന്നും കാർഷിക വിളകളെ രക്ഷിക്കുന്നതിനും കീടനാശിനി രഹിത സമ്പ്രദായങ്ങൾ പരിചയപ്പെടുത്തുന്നതിനുമായി മാനവവിഭവ ശേഷി വികസനം എന്ന ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകർക്ക് പരിശീലനങ്ങൾ നൽകിവരുന്നു.

സെക്ഷൻ ഓഫീസർ